# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2303** **08.05.2017-ൽ മറുപടിക്ക്**

**ഒട്ടുവള്ളിത്തട്ട്-നടുവിൽ-കടിയാൻമല റോഡിന്റെ പ്രവൃത്തിയുടെ ടെൻഡർ**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെട്ട ഒട്ടുവള്ളിത്തട്ട് - നടുവിൽ - കടിയാൻമല റോഡിന്റെ പ്രവൃത്തിയുടെ ടെൻഡർ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയോ; ഇല്ലെങ്കിൽ കാരണം എന്താണ്;<br><br>(ബി) പ്രസ്തുത ടെൻഡർ സംബന്ധിച്ച ഹൈക്കോടതി വിധി പരിശോധിക്കുമോ;<br><br>(സി) ഹൈക്കോടതി വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | (എ) (ബി) & (സി) സി.ആർ.എഫ് സ്കീമിൽ ഉൾപ്പെട്ട ഒട്ടുവള്ളിത്തട്ട് നടുവിൽ കുടിയാൻമല റോഡിന്റെ പ്രവൃത്തി ടെൻഡർ അംഗീകരിച്ച് വർക്ക് ഓഡർ നൽകിയിട്ടില്ല. ഈ പ്രവൃത്തിക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ലാഭ – നഷ്ട കണക്കുകളുടെ സ്ഥിരീകരിച്ച റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ ടെൻഡർ പ്രൊപ്പോസൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിനു സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം ഇതിന്മേൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത കരാറുകാരന്റെ ടെൻഡർ പരിഗണിക്കുവാൻ ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയറിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ തൊട്ടടുത്ത തുക ക്വാട്ട് ചെയ്ത കരാറുകാരൻ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി ഹൈക്കോടതി വിധി പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയുമാണ്. |

S. Brinda

സെക്ഷൻ ഓഫീസർ